4. വനിതാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് നടപടിക്രമങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങാനുള്ള കൗൺസിൽ തീരുമാനം.

(സി) മൂന്നു കാര്യങ്ങളിൽ തീരുമാനമാകാനുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

362 (1558) വകമാറ്റി ചെലവുചെയ്ത തുക

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി, പൊന്നാനി, തിരൂർ എന്നീ മുനിസിപ്പാലിറ്റികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര തുകവീതം വകമാറ്റി ചെലവഴിച്ചു;

(ബി) വകമാറ്റി ചെലവ് ചെയ്ത തുക ഓരോ മുനിസിപ്പാലിറ്റിക്കും എന്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി, തിരൂർ, പൊന്നാനി എന്നീ നഗരസഭകൾ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിനായി അനുവദിച്ചിരുന്ന തുകയൊന്നും വകമാറ്റി ചെലവാക്കിയിട്ടില്ല.

363 (1556) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് സ്റ്റേ

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ വിവിധ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തുകൊണ്ട് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചു;

(ബി) ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചാണ് ഉത്തരവുകൾ എന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ വിഷയങ്ങളെ സംബന്ധിച്ചാണ് സ്റ്റേ പുറപ്പെടുവിച്ചത്;

(ഡി) എത്ര സ്റ്റേ നിലവിലുണ്ട്;

(ഇ) സ്റ്റേകൾ പിൻവലിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ഒന്ന്.

(ബി) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്.

(സി) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഗുരുതരമായ അപാകതകൾ ഉണ്ടെന്ന

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രവൃത്തികൾ ഒഴികെ പുതിയ പ്രവൃത്തികൾ നടത്തുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) ഒന്ന്.

(ഇ) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

364 (1557) കോഴിക്കോട് നഗരത്തിലെ കളിസ്ഥലങ്ങൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ എത്ര കളിസ്ഥലങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കളിസ്ഥല നിർമ്മാണവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഏതെങ്കിലും കളിസ്ഥലത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അഞ്ചു കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കോർപ്പറേഷൻ സ്റ്റേഡിയം ഒൻപതരക്കോടി രൂപ ചെലവാക്കി അന്തർദേശീയ നിലവാരത്തിൽ നവീകരിച്ചുകൊണ്ടിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) മാങ്കാവ് മിനി സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കിവരുന്നു. കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ പുനർനിർമ്മാണവും പുരോഗമിച്ചുവരുന്നു.

365 (1558) കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കിണറുകൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99 വർഷങ്ങളിൽ വയനാട് ജില്ലാ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള കിണറുകളുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ വിശദമാക്കുമോ;

(ബി) ഇവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) വിശദവിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly